LIBRARY ARCHIVES Kerala Legislative Assembly

മിഷൻ 676 പ്രകാരം പ്രഖ്യാപിക്കപ്പെട്ട പദ്ധതികളുടെ അവലോകനം

83 (1519) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676 പ്രകാരം പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ ഇതിനകം പൂർണ്ണമായും നടപ്പിലാക്കിയിട്ടുള്ളവ ഏതൊക്കെയാണ് ; അതിനായി ചെലവഴിച്ച തുക എത്ര ; 2014-15 ബഡ്ജറ്റിൽ വകയിരുത്തിയതല്ലാത്ത തുക ഇതിനായി കണ്ടെത്തി ഉപയോഗിക്കുകയുണ്ടായിട്ടുണ്ടോ ; എങ്കിൽ എത്ര ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) മിഷൻ 676 പദ്ധതി നടത്തിപ്പ് തുടങ്ങിയ തീയതി ഏതായിരുന്നു ; അവസാനിക്കുന്ന തീയതി ഏതാണ്; അവശേഷിക്കുന്ന ദിവസങ്ങൾ എത്ര ;

(സി) മിഷൻ 676 പ്രകാരം പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തവ ഏതൊക്കെ ;

(ഡി) മുഖ്യമന്ത്രി ഈ പദ്ധതിയുടെ അവലോകന യോഗം വിളിച്ച് പ്രവർത്തനം വിലയിരുത്തുകയുണ്ടായോ ; എങ്കിൽ എന്നാണ് ഏറ്റവും ഒടുവിൽ യോഗം ചേർന്നത് ; വിലയിരുത്തലുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 2014 ഏപ്രിൽ 24 -ാം തീയതി ആരംഭിച്ച് 2016 ഫെബ്രുവരി 29-ൽ അവസാനിക്കുന്ന കാലയളവിൽ പൂർത്തീകരിക്കാനുദ്ദേശിക്കുന്ന പദ്ധതികളാണ് മിഷൻ 676. ഇനി 425 ദിവസങ്ങൾ അവശേഷിക്കുന്നു.

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

മിഷൻ 676-ന്റെ നടത്തിപ്പിലെ പുരോഗതി

84 (1520) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളിൽ ഇതിനകം ആരംഭിച്ചത് ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ; ഈ പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;